മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി 44 സർക്കാർ വകുപ്പിലെ ജീവനക്കാർക്ക് ശാസ്ത്രീയമായ പരിശീലനം കൊടുക്കാനായി 941 പരിശീലന പരിപാടികൾ 2015-016-ൽ നടത്തുന്നുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ പ്രൊമോഷൻ വഴി ഐ.എ.എസ്. ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ഇൻഡക്ഷൻ ട്രെയിനിംഗ് രണ്ടു ബാച്ചുകളിലായി 2015-16-ൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ 3 ഗവേഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. UNEP-യുമായി ചേർന്ന് സുസ്ഥിര വികസന പരിശീലന പരിപാടികൾ ദേശീയതലത്തിൽ സംഘടിപ്പിച്ചുവരുന്നു. UK-യിലെ Reading University-യുമായി ചേർന്ന് പരിശീലന പരിപാടികളും ഗവേഷണ പദ്ധതികളും നടപ്പിലാക്കിവരുന്നു. സേവനാവകാശ നിയമത്തിൽ വിവിധ പരിശീലന പരിപാടികൾ വിപുലീകരിച്ചു നടത്തിക്കൊണ്ടിരിക്കുന്നു.

(ബി) സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ അറിവും പ്രാവിണ്യവും മനോഭാവവും മെച്ചപ്പെടുത്തി പൊതുജനങ്ങൾക്ക് നല്ല സേവനം ലഭ്യമാക്കുക എന്നുള്ളതാണ് മേൽപ്പറഞ്ഞ പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റേയും സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കി കൊണ്ടിരിക്കുന്നു. വിവിധ കമ്മിറ്റികളിൽ പരിശീലന പരിപാടികളുടെ അവലോകനവും നടത്താറുണ്ട്.

വിഴിഞ്ഞം തുറമുഖത്തിന് കമ്പോട്ടാഷ് നിയമത്തിൽ ഇളവ്

6(*606) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖത്തിന് കമ്പോട്ടാഷ് നിയമത്തിൽ ഇളവ് നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ കരട് ശിപാർശ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) വിഴിഞ്ഞം ഉറമുഖത്തിന് കബോട്ടാഷ് നിയമത്തിൽ ഇളവ് ലഭിച്ചിട്ടില്ല. വിഴിഞ്ഞം ഉറമുഖത്തിന് കബോട്ടാഷ് നിയമത്തിൽ ഇളവ് നൽകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് മുഖ്യമന്ത്രി 13-12-2013-നും 23-12-2013-നും 19-8-2014-നും 26-2-2015-നും 21-7-2015-ലും പ്രധാനമന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ കേന്ദ്ര ഷിപ്പിംഗ് മന്ത്രിക്കും കേന്ദ്ര ധനമന്ത്രിക്കും കേന്ദ്ര ആഭ്യന്തരമന്ത്രിക്കും ഷിപ്പിംഗ് മന്ത്രാലയത്തിനും കബോട്ടാഷ് ഇളവ് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള കത്തുകൾ അയച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ 3-7-2015-ൽ പുറപ്പെടുവിച്ച കരട് നയരേഖ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരട് നയരേഖയിൽ പ്രത്യേക ആവശ്യങ്ങൾക്കായുള്ള ചരക്കുകപ്പലുകൾക്ക് കബോട്ടാഷ് നിയമത്തിൽ മൂന്ന് വർഷത്തേക്ക് ഇളവ് ശിപാർശ ചെയ്തിട്ടുണ്ട്. ഒപ്പം കിഴക്കൻ തീരങ്ങളിലെ ഉറമുഖങ്ങളിൽ നടക്കുന്ന കണ്ടെയ്നർ മുഖേനയുള്ള വിദേശ ചരക്ക് കയറ്റുമതിക്കും ഇറക്കുമതിക്കും കബോട്ടാഷ് നിയമത്തിൽ ഇളവ് നൽകാൻ ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത കരട് നയരേഖയിന്മേലുള്ള സർക്കാരിന്റെ അഭിപ്രായം അറിയിച്ചുകൊണ്ട് മുഖ്യമന്ത്രി 21-7-2015-ൽ പ്രധാനമന്ത്രിക്ക് വീണ്ടും കത്ത് അയച്ചിട്ടുണ്ട്. അന്തിമ നയരേഖയിൽ വിഴിഞ്ഞം ഉറമുഖത്തിനായുള്ള കബോട്ടാഷ് ഇളവും ഉൾപ്പെടുത്തണമെന്ന് പ്രസ്തുത കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട്

7(*607) ശ്രീ. കെ. ദാസൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം ശിപാർശകളാണ് മത്സ്യത്തൊഴിലാളികളെ ആ മേഖലയിൽ നിന്ന് അകറ്റാൻ ഇടയാക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത് എപ്പോഴാണ് ; അനുകൂലമായ എന്തെങ്കിലും തീരുമാനം ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly